ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:30.03.2025**

## പ്രധാനവാർത്തകൾ

1.) മധ്യവേനലവധിക്കാലത്തെ ഒഴിവു സമയങ്ങൾ കുട്ടികൾ ക്രിയാത്മകമാക്കണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

2.) ലോകം നേരിടുന്ന സുപ്രധാന വെല്ലുവിളികളിലൊന്നാണ് തുണി മാലിന്യമെന്ന് പ്രധാനമന്ത്രി; പുനരുപയോഗത്തിലൂടെ പഴയതുണികളെ സമ്പത്താക്കി മാറ്റാനും ആഹ്വാനം.

3.) ഖേലോ ഇന്ത്യ പാരാഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച കായികതാരങ്ങൾക്ക് മൻ കി ബാത്തിൽ പ്രശംസ.

4.) സമൂഹത്തിൽ നിന്ന് ലഹരി വ്യാപനം തടയാൻ ഭരണ നടപടികൾക്കൊപ്പം പൊതു സമൂഹത്തിൻറെ ഇടപെടലും ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

5.) സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം ഇന്ന് നടക്കും.

6.) ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെയും, രാജസ്ഥാൻ റോയൽസ്, ചെന്നൈ സൂപ്പർ കിംഗ്സിനെയും നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

## മൻ കി ബാത്ത് - പുതുവർഷാംശംസകൾ

പ്രധാന മന്ത്രി നരേന്ദ്ര മോദി വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് പുതുവത്സരാശംസകൾ നേർന്നു. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൽ ജനങ്ങളുമായി ആശയവിനിമയം നടത്തുകയായിരുന്നു അദ്ദേഹം. പരിപാടിയുടെ 120-ാാം പതിപ്പാണിത്.

ചൈത്ര നവരാത്രി, ഭാരതീയ പുതുവത്സരം എന്നിങ്ങനെയുള്ള ശുഭകരമായ ഈ ദിവസത്തിൽ 'മൻ കി ബാത്തിലൂടെ സംസാരിക്കാൻ സാധിച്ചതിൽ ശ്രീ മോദി അതിയായ സന്തോഷം പ്രകടിപ്പിച്ചു. വ്യത്യസ്ത ഭാഷകളിൽ രാജ്യത്തിൻറെ പല ഭാഗങ്ങളിൽ നിന്നും അയച്ച വിഷു, ഉഗാദി, ഗുഡി പട് വ, ദിനാശംസകളും അദ്ദേഹം പങ്കുവച്ചു.

&&&&&&&&&&&&&&&&&&

## മൻ കി ബാത്ത് - വേനൽക്കാല അവധി

മധ്യവേനലവധിക്കാലത്തെ കുട്ടികളുടെ ഒഴിവു സമയങ്ങൾ ക്രിയാത്മകമാക്കണമെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. കുട്ടികൾ പുതിയൊരു ഹോബി ഏറ്റെടുക്കാനും കഴിവുകൾ കൂടുതൽ മെച്ചപ്പെടുത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സർഗ്ഗാത്മക വിഷയങ്ങൾക്കു പുറമേ സന്നദ്ധ പ്രവർത്തനങ്ങളിലും കുട്ടികൾ പങ്കാളികളാകണമെന്നും അത്തരത്തിലുള്ള പ്രവർത്തനങ്ങൾ മൈ ഹോളിഡേയ്സ് എന്ന ഹാഷ്ടാഗിൽ പങ്കുവെയ്ക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## മൻ കി ബാത്ത് - ജലസംരക്ഷണം (ഇൻട്രോ)

വേനൽക്കാലത്ത് ജലസംരക്ഷണത്തിൻറെ ആവശ്യകത ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. മഴത്തുള്ളികൾ സംരക്ഷിക്കുന്ന ക്യാച്ച് ദ റെയിൻ പ്രചരണത്തിൽ അണിചേരാൻ അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു.

RNU TVPM

ക്യാമ്പയിൻറെ ഭാഗമായി കർണാടകയിലെ ഗഡാഗ് ജില്ലയിൽ നടന്ന മികച്ച മാതൃകയും അദ്ദേഹം എടുത്തുകാട്ടി.

(ഹോൾഡ്-വോയ്സ്)

കൂടാതെ വീടിനു മുന്നിൽ പക്ഷികൾക്കും മൃഗങ്ങൾക്കുമായി വെള്ളം കരുതിവെയ്ക്കണമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

മൻ കി ബാത്ത് - ജോബി മാത്യൂ (ഇൻട്രോ)

വെല്ലുവിളികളെ മറികടന്ന് ഖേലോ ഇന്ത്യ പാരാഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച കായികതാരങ്ങളെ പ്രശംസിച്ച് പ്രധാനമന്ത്രി. മത്സരങ്ങളിൽ ദിവ്യാംഗരായ കളിക്കാർ 18 ദേശീയ റെക്കോർഡുകൾ സൃഷ്ടിച്ചതായും അതിൽ 12 എണ്ണം വനിതകളാണെന്നും ശ്രീ മോദി പരാമർശിച്ചു. ഈ വർഷത്തെ ഖേലോ ഇന്ത്യ പാരാഗെയിംസ് പഞ്ചഗുസ്തിയിൽ സ്വർണമെഡൽ നേടിയ മലയാളി താരം ജോബി മാത്യു തനിക്കെഴുതിയ കത്തിൻറെ പ്രസക്ത ഭാഗം പ്രധാനമന്ത്രി മൻ കി ബാത്തിൽ പങ്കുവെച്ചു. അതേസമയം പ്രധാനമന്ത്രിയുടെ പരാമർശം ഏറെ പ്രചോദനം നൽകുന്നതാണെന്ന് കായികതാരം ജോബി മാത്യു ആകാശവാണി വാർത്തകളോട് പ്രതികരിച്ചു.

(ഹോൾഡ്-വോയ്സ്)

RNU TVPM

&&&&&&&&&&&&&&&&&&

മൻ കി ബാത്ത് - ഫിറ്റ് നെസ്സ്

തദ്ദേശീയ ആയോധന കലകൾ ജനപ്രിയ സംസ്കാരത്തിൻറെ ഭാഗമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. മലയാളിയും പ്രശസ്ത റാപ്പറുമായ ഹനുമാൻ കൈന്തിൻറെ ഗാനങ്ങളിലൂടെ കളരിപ്പയറ്റ്, ഗട് ക തുടങ്ങിയ പരമ്പരാഗത ആയോധന കലകൾ ലോകശ്രദ്ധ പിടിച്ചു പറ്റുന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

മൻ കി ബാത്ത് - തുണിമാലിന്യം (ഇൻട്രോ)

ഇന്ന് ലോകം നേരിടുന്ന സുപ്രധാന വെല്ലുവിളികളിലൊന്നാണ് തുണി മാലിന്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള

തലത്തിൽ തുണിമാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നതിൽ മുൻനിരയിലാണ് രാജ്യമെങ്കിലും അത് മറികടക്കാൻ നടന്നുവരുന്ന പ്രശംസനീയ ശ്രമങ്ങളിൽ ശ്രീ മോദി അതീവ സന്തോഷം രേഖപ്പെടുത്തി. പഴയ വസ്ത്രങ്ങളും ചെരുപ്പുകളും പുനരുപയോഗിച്ച് അലങ്കാര വസ്തുക്കളും കളിപ്പാട്ടങ്ങളും നിർമ്മിക്കുന്നതിലൂടെ സർക്കുലർ ഫാഷൻ ബ്രാൻഡിനെ ജനപ്രിയമാക്കാൻ പല സംഘടനകൾക്കും കഴിഞ്ഞതായി അദ്ദേഹം കൂട്ടിച്ചേർത്തു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&

## മൻ കി ബാത്ത് - യോഗാദിനം

യോഗ, ജീവിതത്തിന്റെ ഭാഗമാക്കണമെന്നും ഭാരതം മനുഷ്യരാശിക്ക് നൽകുന്ന വിലയേറിയ സമ്മാനമാണ് യോഗയെന്നും പ്രധാനമന്ത്രി പറഞ്ഞു. യോഗയും ആയുർവേദവും ആരോഗ്യത്തിനുള്ള മികച്ച മാർഗമായി യുവാക്കൾ സ്വീകരിക്കുന്നത് വർദ്ധിച്ചുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അന്താരാഷ്ട്ര യോഗ ദിനത്തിന് ഇനി 100 ദിവസത്തിൽ താഴെ മാത്രമെന്നു ഓർമിപ്പിച്ച ശ്രീ മോദി ഈ ദിവസം യോഗയുടെ മഹോത്സവമായി മാറിയെന്നും അഭിപ്രായപ്പെട്ടു. ആഗോള തലത്തിൽ യോഗയും ആയുർവേദവും പ്രചാരത്തിലാകുന്നതിനെക്കുറിച്ചും അദ്ദേഹം പ്രതിപാദിച്ചു.

&&&&&&&&&&&&&&&&&&

## യോഗം- മുഖ്യമന്ത്രി (ഇൻട്രോ)

സമൂഹത്തിൽ നിന്ന് ലഹരി ഉന്മൂലനം ചെയ്യുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരി വ്യാപനം തടയാൻ തിരുവനന്തപുരത്ത് വിളിച്ച് ചേർത്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണ നടപടികൾക്കൊപ്പം പൊതു സമൂഹത്തിൻറെ ഇടപെടലും ഇതിനായി വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു. അതിനുള്ള

RNU TVPM

ക്രിയാത്മക നിർദ്ദേശങ്ങൾക്ക് വേണ്ടിയാണ് യോഗമെന്നും പങ്കെടുക്കുന്ന ഓരോ മേഖലയിലുള്ളവർക്കും പുതിയ നിർദ്ദേശങ്ങൾ നൽകാനാകുമെന്നും അദ്ദേഹം പറഞ്ഞു

(വോയ്സ്)

&&&&&&&&&&&&&&&&&&

## കേരളത്തിൽ സമ്പൂർണ മാലിന്യമുക്ത പ്രഖ്യാപനം

സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം ഇന്ന് നടക്കും. 13 മാനദണ്ഡങ്ങളിൽ ഓരോന്നിലും 80 ശതമാനത്തിലധികം പുരോഗതി കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നത്. തുടർന്ന് ഏപ്രിൽ അഞ്ച് വരെയുള്ള തീയതികളിലായ് ജില്ലാതല പ്രഖ്യാപനങ്ങൾ നടക്കും. ഹരിത പദവിയിലെത്തിയ സ്കൂളുകൾ, കലാലയങ്ങൾ, നഗരങ്ങൾ, അയൽക്കൂട്ടങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ, ഓഫീസുകൾ, ലൈബ്രറികൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയുടെ പ്രഖ്യാപനങ്ങളും ഇതോടൊപ്പം നടക്കും.

&&&&&&&&&&&&&&&&&&

## ജെ.ചിഞ്ചുറാണി

തിരുവനന്തപുരം മൃഗശാലയിൽ മലിന ജല സംസ്കരണ പ്ലാൻറ് ഇല്ല എന്ന വാർത്ത അടിസ്ഥാന രഹിതമാണെന്നും, പ്ലാൻറ് അറ്റകുറ്റപണികൾ നടത്തി പൂർണ്ണ സജ്ജമായി പ്രവർത്തന ക്ഷമമായിട്ടുണ്ടെന്നും മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. മൃഗശാലയിലെ സംസ്കരണ പ്ലാൻറിൻറെ പ്രവർത്തനങ്ങൾ മന്ത്രി നേരിട്ടെത്തി വിലയിരുത്തി. പ്രതിദിനം 200 ലിറ്റർ സംഭരണശേഷിയുള്ള സംസ്കരണ പ്ലാൻറാണ് ഇവിടെയുള്ളത്.

&&&&&&&&&&&&&&&&&&

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30 ന് വിശാഖപട്ടണത്ത് നടക്കുന്ന മത്സരത്തിൽ ഡൽഹി

RNU TVPM

ക്യാപിറ്റൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെയും, രാത്രി 7.30 ന് ഗുവാഹത്തിയിൽ നടക്കുന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, ചെന്നൈ സൂപ്പർ കിംഗ്സിനെയും നേരിടും.

&&&&&&&&&&&&&&&&&&

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ മുംബൈ സിറ്റി എഫ്.സി യെ ഏകപക്ഷീയമായ അഞ്ച് ഗോളുകൾക്ക് തകർത്ത് ബെംഗളൂരു എഫ്സി സെമി ഫൈനലിൽ കടന്നു. ഇന്നലെ നടന്ന മത്സരത്തിൽ ആദ്യ പകുതിയിൽ രണ്ട് ഗോളുകളും രണ്ടാം പകുതിയിൽ മൂന്ന് ഗോളുകളുമായാണ് ബെംഗളൂരുവിൻറെ മുന്നേറ്റം. സെമിയിൽ എഫ്സി ഗോവയാണ് ബെംഗളൂരുവിൻറെ എതിരാളി.

&&&&&&&&&&&&&&&&&&

BIJU TVPM

## റംസാൻ

ചെറിയ പെരുന്നാളിനെ വരവേൽക്കാൻ ഒരുങ്ങി ഇസ്ലാം വിശ്വാസികൾ. ഇന്ന് ശവ്വാൽ മാസപ്പിറവി കാണുന്നവർ അറിയിക്കണമെന്ന് ഖാസിമാർ ആവശ്യപ്പെട്ടു. അതേസമയം സൗദി അറേബ്യയിൽ ഇന്നലെ മാസപ്പിറവി ദൃശ്യമായതിൻ്റെ അടിസ്ഥാനത്തിൽ ഒമാൻ ഒഴികെ ഗൾഫ് രാജ്യങ്ങളിൽ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുകയാണ്. മാസപ്പിറവിയുടെ അടിസ്ഥാനത്തിൽ ഈദുൽ ഫിതർ സംബന്ധിച്ച തീരുമാനമെടുക്കാൻ വൈകിട്ട് തിരുവനന്തപുരം പാളയം ജുമാ മസ്ജിദിൽ ഇമാം മാരുടെ യോഗം ചേരും.

&&&&&&&&&&&&&&&&&&

## വിജിലൻസ് അറസ്റ്റ് ചെയ്തു

പടക്ക കടയുടെ ലൈസൻസ് പുതുക്കുന്നതിന് കൈക്കൂലി വാങ്ങിയ കണ്ണൂർ തഹസിൽദാർ സുരേഷ് ചന്ദ്രബോസിനെ വിജിലൻസ് അറസ്റ്റ് ചെയ്തു. ഇന്നലെ രാത്രി കണ്ണൂർ കല്യാശ്ശേരിയിലെ വീട്ടിൽ വച്ചാണ് അറസ്റ്റ് ചെയ്തത്

&&&&&&&&&&&&&&&&&&

## കാരണം കാണിക്കൽ നോട്ടീസ്

നടൻ മോഹൻലാലിനൊപ്പം ശബരിമല ദർശനം നടത്തിയ പോലീസുകാരന് കാരണം കാണിക്കൽ നോട്ടീസ്. തിരുവല്ല എസ്എച്ച്ഒ ആയിരുന്ന ബി.സുനിൽ കൃഷ്ണനോടാണ് തിരുവല്ല ഡി.വൈ.എസ്.പി വിശദീകരണം തേടിയത്.ശബരിമല ദർശനം നടത്തിയ പിറ്റേന്ന് എസ്എച്ച്ഒയെ സ്ഥലം മാറ്റിയിരുന്നു.

&&&&&&&&&&&&&&&&&&

## മുങ്ങിമരിച്ചു - പാലക്കാട്

പാലക്കാട് ചിറ്റൂരിൽ കുളത്തിൽ വീണ ചെറുമകളെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ മുത്തശ്ശി മുങ്ങിമരിച്ചു. വണ്ടിത്താവളം വടതോട് നബീസയാണ് മരിച്ചത്. നായ ആക്രമിക്കാൻ വരുന്നതിനിടെ ഓടി രക്ഷപ്പെടാൻ ശ്രമിക്കുമ്പോഴാണ് കുട്ടി കുളത്തിൽ വീണത്. ഇന്നലെ വൈകുന്നേരമാണ് സംഭവം.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - മഹാരാഷ്ട്ര

പ്രധാനമന്ത്രി നരേന്ദ്ര മോദി മഹാരാഷ്ട്രയിലെ നാഗ്പൂരിലെ സ്മൃതി മന്ദിർ സന്ദർശിച്ചു. ആർ എസ് എസ് സ്ഥാപകരായ കേശവ് ഹെഡ്ഗേവാർ, മാധവറാവു ഗോൾവാൾക്കർ എന്നിവരുടെ സ്മാരകങ്ങളിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&&

RIJU TVPM